**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 136** **13-02-2025 - ല്‍ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതിയിലൂടെയുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എന്‍. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. കെ. ബഷീര്‍** | | **ഡോ. ആര്‍. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | അന്ധരായ രോഗികളെയും കിടപ്പിലായ വയോധികരെയും കാന്‍സര്‍, സെറിബ്രല്‍ പാള്‍സി, ഓട്ടിസം, മാനസിക രോഗം, ബുദ്ധിമാന്ദ്യം തുടങ്ങിയവ ബാധിച്ചവരെയും പരിചരിക്കുന്നവര്‍ക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ നല്‍കിവരുന്ന ധനസഹായം കൃത്യമായി വിതരണം ചെയ്യുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.ആശ്വാസകിരണം പദ്ധതിക്ക് 2024-2025 സാമ്പത്തികവര്‍ഷം ബജറ്റുവിഹിതമായി 37.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതില്‍ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയില്‍ 9,91,81,611 രൂപ 27962 ഗുണഭോക്താക്കള്‍ക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ഇടുക്കി വയനാട്, കാസര്‍ഗോഡ് എന്നി ജില്ലകളിലെ യഥാസമയം ലൈഫ് സര്‍ട്ടിഫിക്കറ്റ് സമര്‍പ്പിച്ച ഗുണഭോക്താക്കള്‍ക്ക് 7 മാസത്തെ ധനസഹായവും ബാക്കി ജില്ലകള്‍ക്ക് 8 മാസത്തെ ധനസഹായവും നിശ്ചിത തീയതിക്കു ശേഷം ലൈഫ് സര്‍ട്ടിഫിക്കറ്റ് സമര്‍പ്പിച്ചവര്‍ക്ക് അവര്‍ ലൈഫ് സര്‍ട്ടിഫിക്കറ്റ് സമര്‍പ്പിച്ച തീയതിയുടെ അടിസ്ഥാനത്തില്‍ 2 മാസം വരെ ധനസഹായവും, അങ്ങനെ ആകെ 28028 ഗുണഭോക്താക്കള്‍ക്ക് ധനസഹായം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവില്‍ വിതരണം ചെയ്യുന്ന തുച്ഛമായ തുക വര്‍ദ്ധിപ്പിച്ച് നല്‍കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കില്‍ എന്നുമുതല്‍ വര്‍ദ്ധിപ്പിച്ചു നല്‍കാനാകുമെന്ന് അറിയിക്കുമോ; | (ബി) | നിലവില്‍ പരിഗണനയിലില്ല |
| (സി) | ചലനശേഷിയില്ലാത്ത ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് പ്രത്യേക അതോറിറ്റി സ്ഥാപിക്കണമെന്ന കേന്ദ്രനിര്‍ദ്ദേശം നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദമാക്കുമോ? | (സി) | ഹൈ സപ്പോര്‍ട്ട് ആവശ്യമായി വരുന്ന ഭിന്നശേഷിക്കാരുടെ അപേക്ഷകള്‍ സ്വീകരിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ വകുപ്പ് 38 ഉപവകുപ്പ് (1) നിഷ്കര്‍ഷിക്കുന്നത് പ്രകാരമുള്ള അതോറിറ്റി ആയി സാമൂഹ്യനീതി ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി 11.03.2024-ലെ G.O.(P)No.8/2024/SJD നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ചലനശേഷിയില്ലാത്ത |

| | | | |
|---|---|---|---|
| | | | ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് പ്രത്യേക അതോറിറ്റി സ്ഥാപിക്കണമെന്ന കേന്ദ്രനിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ